പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 303 30-01-2014-ൽ മറുപടിയ്ക്ക്

## പാകിസ്ഥാൻ ചാരസംഘടനയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സാജു പോൾ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പാകിസ്ഥാൻ ചാരസംഘടനയുടെ എന്തെങ്കിലും പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; ഇത് നിരീക്ഷിക്കാനുള്ള സംവിധാനങ്ങളേയും ശ്രദ്ധയിൽപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളേയും വഴിവിട്ട ബന്ധങ്ങളേയും കുറിച്ച് വിശദമാക്കാമോ; | (എ) പാകിസ്ഥാൻ ചാരസംഘടനയുടെ പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി വിവരം ലഭിച്ചിട്ടില്ല. തീവ്രവാദ-ഭീകരവാദ പ്രസ്ഥാനങ്ങളെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാവിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തുകയും അത്തരം പ്രവർത്തനങ്ങൾക്കെതിരെ സത്വരനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) പാകിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ.യുടെ ഏജന്റ് സംസ്ഥാനത്തുനിന്നുള്ള ഒരു കേന്ദ്രമന്ത്രിയുമായി ബന്ധപ്പെടുന്നതായുള്ള ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുള്ളതായി അറിയാമോ; സംസ്ഥാനത്ത് ഫെയ്സ് ബുക്കും ട്വിറ്ററും ഉപയോഗിക്കുന്നവർ ഉൾപ്പെടെയുള്ളവരെ നിരന്തരം നിരീക്ഷിക്കുന്ന സംസ്ഥാന പോലീസ് വിഭാഗം ഇതു സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; സർക്കാർ സ്വീകരിച്ച നടപടി എന്താണ്; വ്യക്തമാക്കാമോ; | (ബി) ഇത് സംബന്ധിച്ച് ചില വാർത്താ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഭ്യന്തരസുരക്ഷയെ ബാധിക്കുന്ന തരത്തിൽ ഫെയ്സ് ബുക്കിലും ട്വിറ്ററിലും വരുന്ന വാർത്തകൾ പോലീസ് നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയമായതിനാൽ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാവില്ല. |
| (സി) സംസ്ഥാന പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന രാജ്യദ്രോഹ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം കേന്ദ്ര ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ടോ; വിശദമാക്കുമോ ? | (സി) രാജ്യദ്രോഹ പ്രവർത്തനങ്ങൾ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അതിന് വേണ്ടതായ നിയമനടപടികൾ എടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ